# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4137** **24.10.2016-ൽ മറുപടിക്ക്**

**<u>പരസ്യം നിഷേധിക്കൽ</u>**

| **<u>ചോദ്യം</u>**<br>**ശ്രീ. പി.സി. ജോർജ്ജ്** | | **<u>മറുപടി</u>**<br>**ശ്രീ. പിണറായി വിജയൻ**<br>**(ബഹു. മുഖ്യമന്ത്രി)** |
|---|---|---|
| എ) കേരളത്തിലെ ഏതെങ്കിലും പത്ര പ്രസിദ്ധീകരണങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നിഷേധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. തേജസ് എന്ന പത്രത്തിനാണ് സർക്കാർ പരസ്യങ്ങൾ നൽകുന്നത് നിറുത്തിവെച്ചിട്ടുള്ളത്. |
| ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത പത്രപ്രസിദ്ധീകരണത്തിലെ വാർത്തകളും, മുഖപ്രസംഗങ്ങളും വർഗ്ഗീയത പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ളതായതിനാലും, അത് പത്രധർമ്മത്തിന് വിരുദ്ധമാണെന്നുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും, രാജ്യത്ത് തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലും, മതവിദ്വേഷം വളർത്തുന്ന രീതിയിലും, സാമുദായിക സൗഹാർദ്ദം തകർക്കുന്ന രീതിയിലും വാർത്തകൾ പ്രചരിപ്പിച്ചതുകൊണ്ട്. |
| സി) ഏതെങ്കിലും റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിലാണോ പരസ്യം നിഷേധിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയം 18.11.2009-ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് പരസ്യം നൽകുന്നത് നിറുത്തി വെച്ചിട്ടുള്ളത്. 26.07.2012-ൽ സംസ്ഥാന അഡീഷണൽ ഡി.ജി.പി (ഇന്റലിജൻസ്) നൽകിയ കത്തിൽ തേജസ് ദിനപത്രത്തിന് സർക്കാർ പരസ്യങ്ങൾ നൽകുന്നത് നിറുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| ഡി) ആയത് നിഷേധിക്കുന്നത് ഭരണഘടനാപരമായ തെറ്റാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പത്രധർമ്മത്തിന് വിരുദ്ധമായതും, തീവ്രവാദത്തെ പ്രോത്സാഹിക്കുന്നതും, രാജ്യത്ത് മതവിദ്വേഷം വളർത്തുന്നതും, സാമുദായിക സൗഹാർദ്ദം തകർക്കുന്നതുമായ രീതിയിൽ പ്രവർത്തിക്കുന്ന പത്രത്തിന് സർക്കാർ പരസ്യം നിഷേധിക്കുന്നത് തെറ്റാണെന്ന് കരുതുന്നില്ല. |

**സെക്ഷൻ ഓഫീസർ**